"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് ഭവന പദ്ധതി -കുളനട ഗ്രാമപഞ്ചായത്തിലെ ശ്രീമതി. സംഗീത, ആലവട്ട കുറ്റിയിൽ, മാന്തുക എന്നയാളെ ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിലേയ്ക്ക് (ഭൂരഹിത ഭവന രഹിതൻ) ട്രാൻസ്ഫർ ചെയ്യുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt)No.335/2021/LSGD തീയതി,തിരുവനന്തപുരം, 08/02/2021

---

പരാമർശം:- 1 പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12/08/2020 തീയതിലെ കത്ത്.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23/09/2020-ലെ 4.7 നമ്പർ തീരുമാനം.

**ഉത്തരവ്**

കുളനട ഗ്രാമപഞ്ചായത്തിലെ ശ്രീമതി. സംഗീത, ആലവട്ട കുറ്റിയിൽ, മാന്തുക എന്നയാൾ ലൈഫ് മിഷൻ രണ്ടാം ഘട്ട ലിസ്റ്റിൽ (ഭൂമിയുള്ള ഭവന രഹിതർ) ഉൾപ്പെട്ടിരുന്നു. എന്നാൽ അന്വേഷണത്തിലും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിലും ഇവർക്ക് ഭൂമിയോ വീടോ ഇല്ലെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിരുന്നു. പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഈ ഗുണഭോക്താവിനെ ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിലേയ്ക്ക് (ഭൂരഹിത ഭവന രഹിതൻ) ട്രാൻസ്ഫർ ചെയ്യണമെന്ന് പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കൂടിയായ വില്ലേജ് ഓഫീസർ മുകളിൽ പറഞ്ഞ വസ്തുത (ഭൂമിയോ വീടോ ഇല്ല എന്നത്) സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ ശ്രീമതി. സംഗീത, ആലവട്ട കുറ്റിയിൽ, മാന്തുക എന്നയാളെ ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിലേയ്ക്ക് (ഭൂരഹിത ഭവന രഹിതൻ) ട്രാൻസ്ഫർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ പ്ലാനിംഗ് ഓഫീസർ, പത്തനംതിട്ട

സെക്രട്ടറി, കുളനട ഗ്രാമ പഞ്ചായത്ത്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by REENAMMA P A
Date: 2021.02.09 12:20:44 IST
Reason: Approved
സെക്ഷൻ ഓഫീസർ